ഉമ തോമസിന്റെ അപകടം: സംഘാടകരുടെ പെരുമാറ്റം ക്രൂരമെന്ന് കെ.സി. ജോസഫ്

കോട്ടയം: ഉമ തോമസ് എംഎൽഎയ്ക്കുണ്ടായ അപകടത്തിൽ സംഘാടകരുടെയും വേദിയിൽ ഉണ്ടായിരുന്ന മന്ത്രി ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളുടെയും ഭാഗത്തുണ്ടായ നിരുത്തരവാദപരവും മനുഷ്യത്വരഹിതവുമായ പെരുമാറ്റം അങ്ങേയറ്റം ക്രൂരമായിപ്പോയെന്ന് മുൻ മന്ത്രി കെ.സി. ജോസഫ്.

അവർക്ക് എന്തു പറ്റിയെന്ന് അന്വേഷിക്കാനുള്ള സാമാന്യ മര്യാദപോലും കാണിക്കാതെ ഉദ്ഘാടനം നടത്താനും പരിപാടി പൂർത്തിയാക്കാനുമാണ് മന്ത്രിയും സംഘാടകരും ശ്രമിച്ചതെന്നത് മന:സാക്ഷിയുള്ള ആരെയും ഞെട്ടിക്കുമെന്നും കെ. സി. ജോസഫ് ഫേസ്ബുക്ക് പോസ്റ്റിൽ ചൂണ്ടിക്കാട്ടി.

പ്രസാധകനു സമർപ്പിച്ച പുസ്തകം

ഷാജി ജോർജ് പ്രണത

അവിചാരിതമായി ഒരു ഫോൺകോൾ.

ഞാൻ ജയചന്ദ്രൻ നായർ. എന്റെ ഒരു പുസ്തകം പ്രണത പ്രസിദ്ധീകരിക്കണം.

എന്തു പുസ്തകമാണെന്ന് ചോദിച്ചില്ല; വേറെ ഒന്നും ആലോചിച്ചുമില്ല. സർ എപ്പോൾ എനിക്ക് മാറ്റർ തരും? എന്ന് ഞാൻ ചോദിച്ചു.

'ഒരു ദേശം രക്തത്തിന്റെ ഭാഷയിൽ ആത്മകഥ എഴുതുന്നു'

അകിറാ കുറൊസവയുടെ സിനിമാജീവിതം അങ്ങനെ പ്രണത ബുക്സിൽ നിന്ന് പുറത്തിറങ്ങി. പുസ്തകത്തിന് ഷാനവാസ് നൽകിയ രൂപകല്പനയും നിർമിതിയും അദ്ദേഹത്തിന് ഏറെ തൃപ്തികരമായി. ചോദിക്കാതെ തന്നെ പുതിയ പുസ്തകത്തിനുള്ള മാറ്റർ ഇൻഗമർ ബെർഗ്മാന്റെ ജീവചരിത്രം സർ അയച്ചു തന്നു. ഫൈനൽ പ്രൂഫ് തിരിച്ചയച്ചപ്പോൾ അദ്ദേഹം ഒരു പേജ് കൂട്ടിച്ചേർത്തിരുന്നു.

സമർപ്പണം

എന്റെ സ്നേഹിതനും കലാപ്രേമിയുമായ ഷാജി ജോർജിന് (പ്രണത ബുക്സ്)

ഈ ചലച്ചിത്രഗ്രന്ഥം സമർപ്പിക്കുന്നു.

എസ്. ജയചന്ദ്രൻ നായർ

ഞാൻ വല്ലാതെ ഒന്നു ഞെട്ടി!!

ഫോണിൽ അദ്ദേഹത്തെ വിളിച്ച് അത് ശരിയാണോ എന്ന ചോദ്യം ഞാൻ ഉന്നയിച്ചു. സ്വതസിദ്ധമായ ശൈലിയിൽ ചിരിച്ചുകൊണ്ട് അദ്ദേഹം ഉത്തരം നൽകി; പത്രാധിപർ എഴുതിയാൽ അത് എഴുതിയതാണ്.

എഴുത്തുകാരൻ തന്റെ പുസ്തകം പ്രസാധകന് തന്നെ സമർപ്പിക്കുക!!! മലയാളത്തിൽ വേറെ ആർക്കെങ്കിലും ആ സൗഭാഗ്യം കിട്ടിയിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം അനുഭവിച്ച ദിവസങ്ങളിൽ ഒന്നായി ആ ദിനം മാറി.

മുതിർന്ന പത്രപ്രവർത്തകൻ രവീന്ദ്രദാസാണ് (ദേശാഭിമാനി) ജയചന്ദ്രൻ സാറിന്റെ മരണവാർത്ത അറിയിച്ചത്. വിശ്വസിക്കാനായില്ല..! വാക്കുകൾ കൊണ്ട് വിവരിക്കാനാവാത്ത വ്യക്തിത്വമാണ് ജയചന്ദ്രൻ സാറിന്റേത്. മലയാളത്തിനും സാഹിത്യത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ കാലാതീതമാണ്. അദ്ദേഹം ഹൃദയത്തിൽ ചേർത്തുവച്ചവരിൽ ഞാനും ഉണ്ടായിരുന്നുവെന്നത് എന്റെ ആത്മാഭിമാനം വർധിപ്പിക്കുന്നു...

ജീവിതം സഫലമാകുമെന്നതിന്റെ ഉദാഹരണമായി ആഗസ് (ക്രൈസ് ആൻഡ് വിസ്പേഴ്സ്) ഡയറിയിൽ എഴുതി. 'ഈ ജീവിതത്തിൽ മറ്റാർക്കും കിട്ടാത്ത സമ്മാനം എനിക്കു ലഭിച്ചു. ആ സമ്മാനം പല പേരുകളിലാണ് വിശേഷിപ്പിക്കപ്പെടുന്നത്. 'അടുപ്പം, ആത്മാർത്ഥത, സഹജസ്നേഹം.' ബെർഗ്മാന് മാത്രമല്ല, ജയചന്ദ്രൻ സാർ അങ്ങേയ്ക്കു കൂടി വിശേഷണമായി മാറുന്നതാണ് ഈ വാക്കുകൾ.

ന്യൂ ഓർലിയൻസ് ഭീകരാക്രമണം

പ്രതി മുൻ അമേരിക്കൻ സൈനികൻ

- വാഹനത്തിൽ ഐഎസ് പതാക
- കൂട്ടാളികൾക്കായി അന്വേഷണം
- മരണം 15 ആയി

ഷംസുദ്ദീൻ ജബ്ബാർ

വാഷിംഗ്ടൺ ഡിസി: അമേരിക്കയിലെ ന്യൂ ഓർലിയൻസ് നഗരത്തിൽ പുതുവത്സരാഘോഷത്തിനിടെ ജനക്കൂട്ടത്തിലേക്കു പിക്കപ്പ് ട്രക്ക് ഓടിച്ചുകയറ്റി ഭീകരാക്രമണം നടത്തിയത് ടെക്സസ് സ്വദേശിയായ അമേരിക്കൻ പൗരനും മുൻ സൈനികനുമായ ഷംസുദ്ദീൻ ജബ്ബാർ (42) ആണെന്ന് അന്വേഷണവൃത്തങ്ങൾ അറിയിച്ചു. ആക്രമണത്തിനുപയോഗിച്ച വാഹനത്തിൽനിന്ന് ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരസംഘടനയുടെ പതാക കണ്ടെത്തി.

ആക്രമണത്തിൽ മരണം 15 ആയി ഉയർന്നു. 35 പേർക്കാണു പരിക്കേറ്റത്. ഷംസുദ്ദീൻ ഒറ്റയ്ക്കല്ല ആക്രമണം ആസൂത്രണം ചെയ്തു നടപ്പാക്കിയതെന്ന് അനുമാനിക്കുന്നു. ഇയാളുടെ കൂട്ടാളികൾക്കായി തെരച്ചിലാരംഭിച്ചു.

പ്രാദേശികസമയം ബുധനാഴ്ച പുലർച്ചെ മൂന്നിനാണ് ആക്രമണമുണ്ടായത്. വാടകയ്ക്കെടുത്ത, ഫോർഡ് കമ്പനിയുടെ ഇലക്ട്രിക് പിക്കപ്പ് ട്രക്ക് ജനക്കൂട്ടത്തിലേക്ക് അതിവേഗത്തിൽ ഓടിച്ചുകയറ്റുകയായിരുന്നു. തുടർന്ന് പുറത്തിറങ്ങി പോലീസിനു നേർക്കു വെടിയുതിർത്തു. പോലീസിന്റെ പ്രത്യാക്രമണത്തിൽ ഷംസുദ്ദീൻ വെടിയേറ്റു മരിച്ചു. വാഹനത്തിൽനിന്നു സ്ഫോടകവസ്തുക്കളും ആയുധങ്ങളും കണ്ടെടുത്തു.

യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ആക്രമണത്തെ അപലപിച്ചു. ഐഎസിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുവെന്നു വ്യക്തമാക്കുന്ന വീഡിയോകൾ ആക്രമണത്തിനു മണിക്കൂറുകൾക്കു മുമ്പ് പ്രതി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തതായി എഫ്ബിഐ കണ്ടെത്തിയെന്നു ബൈഡൻ അറിയിച്ചു.

ഐഎസിൽ ചേരാനും വിവാഹമോചനത്തിന്റെ പശ്ചാത്തലത്തിൽ കുടുംബത്തെ വകവരുത്താനും ആഗ്രഹിക്കുന്നുവെന്നു പ്രതി വെളിപ്പെടുത്തുന്ന വീഡിയോകൾ എഫ്ബിഐ കണ്ടെത്തിയതായി അമേരിക്കൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ടെക്സസിലെ ഹൂസ്റ്റൺ നഗരത്തിൽനിന്ന് 130 കിലോമീറ്റർ അകലെ ബ്യൂമോണ്ടിലാണ് ഷംസുദ്ദീൻ ജനിച്ചു വളർന്നത്. 2007 മുതൽ 2015 വരെ സ്ഥിരം സേനയിലും തുടർന്ന് 2020 വരെ റിസർവ് സേനയിലും അംഗമായിരുന്നു. സേനയിലെ ഐടി, മനുഷ്യവിഭവശേഷി വകുപ്പുകളിലാണു പ്രവർത്തിച്ചിരുന്നത്.

2009 മുതൽ 2010 വരെ അഫ്ഗാനിസ്ഥാനിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രണ്ടു വട്ടം വിവാഹമോചിതനായി. സൈന്യത്തിൽനിന്നു പിരിഞ്ഞശേഷം റിയൽ എസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിച്ചിരുന്നു. മോഷണം, ട്രാഫിക് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നു.

ന്യൂയോർക്കിൽ വെടിവയ്പ്

അമേരിക്കയിലെ ന്യൂയോർക്ക് നഗരത്തിൽ പുതുവത്സരദിനത്തിലുണ്ടായ വെടിവയ്പിൽ 10 പേർക്കു പരിക്കേറ്റു. ബുധനാഴ്ച വൈകുന്നേരം ക്വീൻസിലെ ക്ലബ്ബിലായിരുന്നു സംഭവം. തോക്കേന്തിയ മൂന്നുനാലു പുരുഷന്മാർ ക്ലബ്ബിനു പുറത്തെ ജനക്കൂട്ടത്തിനു നേർക്കു വെടിയുതിർക്കുകയായിരുന്നു. ന്യൂ ഓർലിയൻസ് ഭീകരാക്രമണത്തിനു മണിക്കൂറുകൾക്കകമായിരുന്നു ഈ സംഭവവും. എന്നാൽ, ഇതിനു ഭീകരബന്ധമില്ലെന്നു പോലീസ് അറിയിച്ചു.

ലാസ് വേഗസിൽ നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിനു മുന്നിൽ പാർക്ക് ചെയ്തിരുന്ന ടെസ്‌ല ഇലക്ട്രിക് പിക്കപ്പ് ട്രക്ക് പൊട്ടിത്തെറിച്ചപ്പോൾ.

ട്രംപിന്റെ ഹോട്ടലിനു മുന്നിൽ ടെസ്‌ല സൈബർ ട്രക്ക് പൊട്ടിത്തെറിച്ചു

ഭീകരബന്ധം അന്വേഷിക്കുന്നു

ലാസ് വേഗസ്: അമേരിക്കയിലെ ലാസ് വേഗസ് നഗരത്തിൽ നിയുക്ത പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഉടമസ്ഥതയിലുള്ള ട്രംപ് ഇന്റർനാഷണൽ ഹോട്ടലിനു മുന്നിൽ ഇലക്ട്രിക് പിക്കപ്പ് ട്രക്ക് പൊട്ടിത്തെറിച്ച് ഡ്രൈവർ മരിച്ചു. ഏഴു പേർക്കു പരിക്കേറ്റു. ന്യൂ ഓർലിയൻസിൽ ഭീകരാക്രമണമുണ്ടായി മണിക്കൂറുകൾക്കകമായിരുന്നു സംഭവം. ഇതു ഭീകരാക്രമണം ആണോ എന്നും ന്യൂ ഓർലിയൻസ് സംഭവവുമായി ബന്ധമുണ്ടോ എന്നും അന്വേഷിക്കുന്നു.

ട്രംപിനെ പിന്തുണയ്ക്കുന്ന ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ടെസ്‌ല കമ്പനി നിർമിക്കുന്ന സൈബർ പിക്കപ്പ് ട്രക്ക് ആണു പൊട്ടിത്തെറിച്ചത്.

ഹോട്ടലിനു മുന്നിൽ പാർക്ക് ചെയ്തിരുന്ന ട്രക്കിൽനിന്നു പുക ഉയരുകയും തുടർന്ന് സ്ഫോടനം ഉണ്ടാകുകയുമായിരുന്നു. ട്രക്കിൽ ഇന്ധനവും പടക്കങ്ങളുമാണു സൂക്ഷിച്ചിരുന്നതെന്ന് അന്വേഷണസംഘം കണ്ടെത്തി. കൊളറാഡോയിൽനിന്നു വാടകയ്ക്കെടുത്ത ട്രക്ക് ബുധനാഴ്ച രാവിലെയാണു ലാസ് വേഗസിലെത്തിയത്. ഡ്രൈവറെ സംബന്ധിച്ച വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല.

ട്രംപുമായോ മസ്കുമായോ ആക്രമണത്തിനു ബന്ധമുണ്ടോ എന്ന് അന്വേഷിക്കുന്നതായി എഫ്ബിഐ അറിയിച്ചു. ലാസ് വേഗസ് സംഭവത്തിന് ന്യൂ ഓർലിയൻസ് ഭീകരാക്രമണവുമായി ബന്ധമുണ്ടോ എന്ന് അന്വേഷിക്കുന്നതായി യുഎസ് പ്രസിഡന്റ് ജോ ബൈഡനും അറിയിച്ചു.

ജെഇഇ മെയിൻ പരീക്ഷ 22 മുതൽ 30 വരെ

ന്യൂഡൽഹി: രാജ്യത്തെ വിവിധ എൻജിനിയറിംഗ് സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് എൻടിഎ നടത്തുന്ന ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (മെയിൻ) ഈമാസം 22 മുതൽ 30 വരെ നടക്കും. എൻടിഎ പുറത്തിറക്കിയ ഔദ്യോഗിക വിജ്ഞാപനമനുസരിച്ച് ആദ്യ സെഷനിലെ പേപ്പർ 1 (BE/BTech) 22, 23, 24, 28, 29 തീയതികളിൽ രണ്ടു ഷിഫ്റ്റുകളിലായി നടക്കും. ആദ്യ ഷിഫ്റ്റ് രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് 12 വരെയും രണ്ടാമത്തെ ഷിഫ്റ്റ് ഉച്ചകഴിഞ്ഞ് മൂന്നു മുതൽ വൈകുന്നേരം ആറു വരെയുമാണ്.

പേപ്പർ 2A (BArch), പേപ്പർ 2B (B Planning), പേപ്പർ 2A, 2B (BArch, B Planning) എന്നിവയ്ക്കുള്ള പരീക്ഷ 30 ന് നടക്കും. പേപ്പർ 2A, പേപ്പർ 2B എന്നിവയ്ക്കുള്ള പരീക്ഷ ഉച്ചകഴിഞ്ഞ് മൂന്നു മുതൽ വൈകുന്നേരം 6.30 വരെ നടത്തുമെന്ന് വിജ്ഞാപനത്തിൽ പറയുന്നു. സിറ്റി ഇന്റിമേഷൻ സ്ലിപ്പ് ഉടൻ എൻടിഎ പുറത്തിറക്കും. സ്ലിപ്പ് പുറത്തിറക്കി കഴിഞ്ഞാൽ വിദ്യാർഥികൾക്ക് jeemain.nta.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിച്ച് സ്ലിപ്പുകൾ ആക്സസ് ചെയ്യാൻ കഴിയും. ജെഇഇ മെയിൻ പരീക്ഷയുടെ തീയതിക്ക് മൂന്നു ദിവസം മുമ്പ് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. ഇതിനുള്ള ക്രമീകരണങ്ങൾ എൻടിഎ ഒരുക്കും. പരീക്ഷയുടെ ആദ്യ സെഷന്റെ ഫലം ഫെബ്രുവരി 12ന് പ്രഖ്യാപിക്കും.

പേപ്പർ 1

എൻഐടികൾ, ഐഐഐടികൾ, മറ്റ് കേന്ദ്ര സാങ്കേതിക സ്ഥാപനങ്ങൾ (സിഎഫ്ടിഐകൾ) എന്നിവയിലെ ബിരുദ എൻജിനിയറിംഗ് പ്രോഗ്രാമുകളിലേക്ക് (ബിഇ/ബിടെക്) പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കുവേണ്ടി നടത്തുന്ന പരീക്ഷയാണിത്. ജെഇഇ മെയിൻ (പേപ്പർ 1) യോഗ്യത നേടുന്നവർക്ക് ഐഐടി പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയായ ജെഇഇ അഡ്വാൻസ്ഡിലും പങ്കെടുക്കാൻ അർഹതയുണ്ട്.

പേപ്പർ 2

രാജ്യത്തുടനീളമുള്ള വിവിധ സർവകലാശാലകളിൽ ബിആർക്ക്, ബിപ്ലാനിംഗ് കോഴ്സുകൾ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കായാണ് പേപ്പർ 2 പരീക്ഷ.

ഡിണ്ടിഗലിൽ വാഹനാപകടം:

മേപ്പയ്യൂർ സ്വദേശികളായ രണ്ടു സ്ത്രീകൾ മരിച്ചു

ശോഭ

ശോഭന

മേപ്പയ്യൂർ(കോഴിക്കോട്): തമിഴ്നാട് ഡിണ്ടിഗലിൽ ഉണ്ടായ വാഹനാപകടത്തിൽ മേപ്പയ്യൂർ സ്വദേശികളായ രണ്ടു സ്ത്രീകൾ മരിച്ചു. ജനകീയ മുക്ക് പാറച്ചാലിൽ ശോഭ (60), പാറച്ചാലിൽ ശോഭന (54) എന്നിവരാണു മരിച്ചത്.

അപകടത്തിൽ പത്തോളം പേർക്കു പരിക്കേറ്റതായാണ് വിവരം. ക്ഷേത്രദർശനം കഴിഞ്ഞ് വരവേ ഇവർ സഞ്ചരിച്ച ഇന്നോവ കാർ നിയന്ത്രണം വിട്ട് ഹൈവേയുടെ കോൺക്രീറ്റ് ബാരിയറിൽ ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ കാർ തകർന്നു. പരിക്കേറ്റവരെ മധുര മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശോഭയുടെ ഭർത്താവ്: പരേതനായ ഗോവിന്ദൻ (റിട്ട. ആരോഗ്യ വകുപ്പ്), മക്കൾ: സോജി , ജോസി. മരുമക്കൾ: പ്രദീപൻ (ഫയർ ഫോഴ്സ്), അരവിന്ദൻ (ഫുഡ് ആൻഡ് സേഫ്റ്റി). ശോഭനയുടെ ഭർത്താവ്: പരേതനായ ബാലകൃഷ്ണൻ. മക്കൾ: ഷബിൻ (ബെവ്കോ), അശ്വതി കൃഷ്ണ. മരുമക്കൾ: അഞ്ജലി, മിഥുൻ രാജ്.

ബാങ്കിൽനിന്ന് 1.46 കോടി തട്ടിയെടുത്ത അസിസ്റ്റന്റ് മാനേജർ അറസ്റ്റിൽ

സുജേഷ്

കണ്ണൂർ: ബാങ്കിന്റെ സോഫ്റ്റ്‌വേറിൽ മാറ്റങ്ങൾ വരുത്തി 1.46 കോടി രൂപ തട്ടിയെടുത്ത കേസിൽ അസിസ്റ്റന്റ് മാനേജർ അറസ്റ്റിൽ. താഴെചൊവ്വ കേരള ഗ്രാമീൺ ബാങ്ക് അസിസ്റ്റന്റ് മാനേജർ കണ്ണാടിപ്പറമ്പ് സ്വദേശി വെള്ളക്കുടിയൻ സുജേഷ് (38) ആണ് അറസ്റ്റിലായത്.

കേരള ഗ്രാമീൺ ബാങ്കിന്റെ പള്ളിക്കുന്നിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ബാങ്കിംഗ് സർവീസ് ഓഫീസിലെ കോർ ബാങ്കിംഗ് സംവിധാനത്തിൽ വ്യാജമായ ഫയലുകൾ ഉണ്ടാക്കിയാണു പണം തട്ടിയത്. അമ്മയുടെയും ഭാര്യയുടെയും അക്കൗണ്ടുകളിൽ പണം ട്രാൻഫർ ചെയ്താണു തട്ടിപ്പു നടത്തിയത്. മുക്കുപണ്ടം വച്ച് പണം തട്ടിയ കേസിൽ ജയിലിൽ കഴിഞ്ഞുവരികയാണ് സുജേഷ്.

ഡിജിറ്റൽ ബാങ്ക് മാനേജർക്ക് സംശയം തോന്നിയതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കണ്ണൂർ ടൗൺ പോലീസ് ക്രമക്കേട് കണ്ടെത്തിയത്. ജയിലിൽ എത്തിയാണ് പോലീസ് അറസ്റ്റ് രേഖപ്പെടുത്തിയത്.

റെയിൽവേ പാളത്തിൽ ഗ്യാസ് സിലിണ്ടറും

കാൺപുർ/സഹരൺപുർ: ഉത്തർ പ്രദേശിലെ ബറജ്പുർ റെയിൽവേ സ്റ്റേഷന് സമീപമുള്ള പാളത്തിൽ അഞ്ചു കിലോഗ്രാം ഭാരമുള്ള ഒഴിഞ്ഞ ഗ്യാസ് സിലിണ്ടർ സ്ഥാപിച്ചതായി കണ്ടെത്തി. വിവരമറിഞ്ഞു റെയിൽവേ പോലീസും ഫൊറൻസിക് വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി. പോലീസിനു ലഭിച്ച പ്രാഥമിക വിവരമനുസരിച്ച്, പരിഭ്രാന്തി പരത്തുന്നതിനായി ആരോ ബോധപൂർവം ചെയ്ത പ്രവൃത്തി എന്ന സാധ്യതയിലേക്കാണു വിരൽചൂണ്ടുന്നത്.

സമാനസംഭവത്തിൽ, ഹരിദ്വാർ റെയിൽവേ ലൈനിൽ വലിയ ലോഹക്കഷണം കണ്ടെത്തി. തടസം നീക്കുന്നതിന്റെ ഭാഗമായി ഈ റൂട്ടിലുള്ള സർവീസുകൾ താത്കാലികമായി നിർത്തിവച്ചു. സംഭവം അന്വേഷിക്കുന്നതിനായി പ്രത്യേക സംഘത്തിനു രൂപം നൽകിയിട്ടുണ്ട്.

ജെഎം ഫിനാൻഷ്യൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്
കോർപ്പറേറ്റ് ഐഡന്റിഫിക്കേഷൻ നമ്പർ : U67190MH2007PLC174287
രജിസ്ട്രേഡ് ഓഫീസ്: യൂണിറ്റ് നമ്പർ 21–22, സെക്കൻഡ് ഫ്ളോർ, ലോയ്ഡ്സ് സെന്റർ പോയിന്റ്, അപ്പാസാഹെബ് മറാത്ത മാർഗ്, പ്രഭാദേവി , മുംബൈ – 400025
അംഗീകൃത ഓഫീസർ: വൈഭവ് ഷെട്ടി, ഇമെയിൽ: Vaibhav.shetty@jmfl.com,
മൊബൈൽ: +91 98203 87460 വെബ്സൈറ്റ്: www.jmfinancialarc.com

JM FINANCIAL

സ്ഥാവര വസ്തു വിൽപ്പനയ്ക്കുള്ള പൊതു നോട്ടീസ്
(സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ്, 2002ലെ ചട്ടം 8(6) പരിശോധിക്കുക)

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ്, 2002ലെ ചട്ടം 8(6)ഉം പ്രകാരം സ്ഥാവരവസ്തുക്കൾ ഇ–ലേലം ചെയ്യുന്നതിനുള്ള വിൽപ്പന നോട്ടീസ്.

ജെഎംഎഫ്എആർസി- ഫെഡറൽ ബാങ്ക് ജൂൺ 2017 - ട്രസ്റ്റിന്റെ ("**സെക്യൂർഡ് ക്രെഡിറ്റർ**") ട്രസ്റ്റി ആയി പ്രവർത്തിക്കുന്ന ജെഎം ഫിനാൻഷ്യൽ അസറ്റ്സ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡിന് പണയംവച്ചിട്ടുള്ളതും സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയിട്ടുള്ളതുമായ താഴെ വിവരിക്കുന്ന സ്ഥാവരവസ്തു, ട്രാൻസ്ഗ്ലോബൽ ഇൻലാന്റ് കണ്ടെയ്നർ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ **M/s ട്രാൻസ്ഗ്ലോബൽ ഇൻലാന്റ് കണ്ടെയ്നർ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിൽ ("കടക്കാരൻ")** നിന്നും ജാമ്യക്കാർ അല്ലെങ്കിൽ പണയക്കാരായ (1) **Mr. എം.എ. നാസർ (നിലവിൽ വ്യക്തിഗത പാപ്പർ നടപടികൾ നേരിടുന്നു)**, (2) **Mrs. ത്രേസ്യാമ്മ തോമസ്**, (3) **Mr. ഫ്രാൻസിസ് സേവ്യർ** എന്നിവരിൽനിന്നും 2024 നവംബർ 18 വരെ സെക്യൂർഡ് ക്രെഡിറ്റർക്കു കുടിശികയുള്ള **56,10,54,455/ രൂപ (അമ്പത്തിയാറു കോടി പത്തു ലക്ഷത്തി അമ്പത്തിനാലായിരത്തി നാനൂറ്റി അമ്പത്തിയഞ്ചു രൂപ മാത്രം)** ബന്ധപ്പെട്ട നിരക്കുകളോടെയുള്ള പലിശയും ഭാവി ചെലവുകളും മറ്റു ചെലവുകളും ചാർജുകളും സഹിതം വീണ്ടെടുക്കുന്നതിനായി **2025 ജനുവരി 22 രാവിലെ 11.00 മണി മുതൽ 12.00 മണി വരെ "ഇപ്പോൾ എവിടെയാണോ", "ഇപ്പോൾ എങ്ങനെയാണോ", "ഏതൊക്കെയാണോ"** അടിസ്ഥാനത്തിൽ വില്പന ചെയ്യുന്നതാണെന്ന് കടക്കാർ, പണയക്കാർ, ജാമ്യക്കാർ എന്നിവരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു.

വസ്തുവിന്റെ വിവരണം, കരുതൽ തുക, നിരതദ്രവ്യം എന്നിവയുടെ വിശദാംശങ്ങൾ താഴെ:

ക്രമ നമ്പർ	സ്ഥാവരവസ്തുവിന്റെ ലഘുവിവരണം	കരുതൽ വില	നിരതദ്രവ്യം
1	എറണാകുളം ജില്ലയിൽ ആലുവാ താലൂക്കിൽ ആലുവാ വെസ്റ്റ് വില്ലേജിൽ സർവേ നമ്പർ 299/2B/3 (റീസർവേ നമ്പർ 59/30) പ്രകാരം 42.08 ആർസ് (പുതിയ കരമൊടുക്കൽ രസീതു പ്രകാരം 36.48 ആർസ്) വസ്തു, അതായത് രേഖകൾ പ്രകാരം 20.57 ആർസും പുതിയ കരമൊടുക്കൽ രസീത്, 299/2A/2 (റീസർവേ നമ്പർ 59/44) എന്നിവ പ്രകാരം 19.03 ആർസും വസ്തു, രേഖകൾ പ്രകാരം 21.51 ആർസും പുതിയ കരമൊടുക്കൽ രസീതു പ്രകാരം 17.45ഉം ആർസ് വസ്തുവും ഇവിടെ സ്ഥിതി ചെയ്യുന്നതും പണികഴിപ്പിക്കാൻ പോകുന്നതുമായ എല്ലാവിധ കെട്ടിടങ്ങളും അരികും ശകലവും സഹിതം ആലുവ എസ്ആർഒയിലെ 15-07-1971 തീയതിയിലെ ഡോക്യുമെന്റ് നമ്പർ 2310/71 ൽ അടങ്ങിയിട്ടുള്ള എല്ലാം. അതിരുകൾ: **വടക്ക്**: കാരക്കാട്ട്, കാളപ്പറമ്പ് വക വസ്തുക്കൾ, **തെക്ക്**: റോഡ്, **കിഴക്ക്**: റോഡ്, **പടിഞ്ഞാറ്**: കാരക്കാട്ട് വക വസ്തു (ഫ്രാൻസിസ് സേവ്യറിന്റെ ഉടമസ്ഥതയിലുള്ളത്) ശ്രദ്ധിക്കുക: പുതിയ കരമൊടുക്കൽ രസീതു പ്രകാരം മൊത്തം ഭൂമി 36.48 ആർസ്.	**6,10,00,000/ രൂപ (ആറു കോടി പത്തു ലക്ഷം രൂപ മാത്രം)**	**61,00,000/ രൂപ (ആറുപത്തിയൊന്നു ലക്ഷം രൂപ മാത്രം)**

അറിവിലുള്ള ബാധ്യതകൾ: സെക്യൂർഡ് ക്രെഡിറ്ററുടെ അറിവിൽ മേൽ വിവരിച്ചിട്ടുള്ള വസ്തുവിൽ ഒരുവിധ ബാധ്യതയുമില്ല.

കടംവീട്ടി വസ്തു തിരികെയെടുക്കുന്നതിന് സർഫേസി നിയമം, 2022ലെ വകുപ്പ് 13(8) നല്കുന്ന അവകാശം വ്യക്തമാക്കി കടക്കാർക്ക്/പണയക്കാർക്ക്/ജാമ്യക്കാർക്ക് റൂളിലെ ചട്ടം 8(6) പ്രകാരം 2024 നവംബർ 29 തീയതിയിൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നതാണ്. കടക്കാർ/പണയക്കാർ/ ജാമ്യക്കാർ ഈ അവകാശം വിനിയോഗിക്കുന്നതിൽ വീഴ്ചവരുത്തിയ പശ്ചാത്തലത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതോടെ ആ അവകാശം അവസാനിക്കുന്നതായി അറിയിക്കുന്നു.

വിൽപ്പനാ മാനദണ്ഡങ്ങളും വ്യവസ്ഥകളും സംബന്ധിച്ച വിശദാംശങ്ങൾക്കായി സെക്യൂർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്കായ **http://jmfinancialarc.com/Home/AssetsForSale** അല്ലെങ്കിൽ **http://bankauctions.in** സന്ദർശിക്കുക.

ഇംഗ്ലീഷിലും അതിന്റെ പ്രാദേശിക ഭാഷാ തർജ്ജമകളിലുമായി പ്രസിദ്ധീകരിക്കുന്ന ഈ വിൽപ്പന നോട്ടീസിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ, ഇംഗ്ലീഷ് നോട്ടീസിലെ ഉള്ളടക്കമായിരിക്കും പ്രമാണമായിരിക്കുക.

ഒപ്/
അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
ജെഎം ഫിനാൻഷ്യൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്
ജെഎംഎഫ്എആർസി– ഫെഡറൽ ബാങ്ക് ജൂൺ 2017 – ട്രസ്റ്റിന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു
തീയതി: ജനുവരി 03, 2025
സ്ഥലം: മുംബൈ

C2501-551052

കനറാ ബാങ്ക് Canara Bank
R&L സെക്ഷൻ റീജിയണൽ ഓഫീസ്, പയ്യിൽ കോഹിനൂർ ആർക്കേഡ്, സംക്രാന്തി ജംഗ്ഷൻ, എം. സി. റോഡ്, പെരുമ്പായിക്കാട് പി. ഒ., കോട്ടയം – 686016
Ph:0481 2596395 Email: roktmrec@canarabank.com

കൈവശ നോട്ടീസ് സെക്ഷൻ [13(4)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസൈറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള **കനറാ ബാങ്ക്, തൊടുപുഴ ശാഖ**യുടെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 സെക്ഷൻ 13 (12) റൂൾ 3 പ്രകാരം വായ്പ എടുത്ത വായ്പക്കാർ & പണയക്കാരായ **ശ്രീ. ചന്ദ്രൻ കെ.കെ. & ശ്രീ. രഞ്ജിത്ത്** എന്നിവർക്ക് കുടിശ്ശിക തുകയായ **രൂപ 26,74,702.31 (ഇരുപത്തി ആറ് ലക്ഷത്തി എഴുപത്തി നാലായിരത്തി എഴുന്നൂറ്റി രണ്ട് രൂപ മുപ്പത്തി ഒന്ന് പൈസ)** 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **21-10-2024** ൽ അയച്ചിരുന്നു. വായ്പക്കാർ & ജാമ്യക്കാർ/പണയക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002, റൂൾ 8 & 9 സെക്ഷൻ 13 (4) പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു ഇന്നേ ദിവസം **2025 ജനുവരി 1** ന് കൈവശമെടുത്തിരിക്കുന്നതായി വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുക്കളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുക്കളിലുള്ള ഏതൊരു ഇടപാടും കനറാ ബാങ്കിന് കിട്ടാനുള്ള കുടിശ്ശിക തുകയായ **രൂപ 26,28,098.31 (ഇരുപത്തി ആറ് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി തൊണ്ണൂറ്റി എട്ട് രൂപ മുപ്പത്തി ഒന്ന് പൈസ)** യ്ക്ക് വിധേയമായിരിക്കും.

ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

സ്ഥാവര വസ്തുവിന്റെ വിശദവിവരങ്ങൾ: എറണാകുളം ജില്ലയിൽ, കണയന്നൂരിൽ ശ്രീ. ചന്ദ്രൻ കെ.കെ. & ശ്രീ. രഞ്ജിത്ത് എന്നിവരുടെ പേരിലുള്ള സർവേ നം. 7/2, ൽ പ്പെട്ട **01.74 ആർ സ്ഥലവും സകലവിധ അവകാശങ്ങളുമാകുന്നു. അതിരുകൾ**: **കിഴക്ക്**: ജയൻ വക വക വസ്തു. **തെക്ക്**: വഴി. **പടിഞ്ഞാറ്**: ഫെൻസികോ വക വസ്തു, **വടക്ക്**: ദർശനി വക വസ്തു & വഴി.

Cersai Id: 20001407853
(ഒപ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്
തീയതി: 01-01-2025, സ്ഥലം: കോട്ടയം

E2501-551048

DhanlaxmiBank established 1927
ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ്, പാലാരിവട്ടം ശാഖ 32/2383, കെഎംഎം ബിൽഡിംഗ്, കെ എസ് ഇ ബി ക്ക് എതിർവശം, എസ് എൻ ജംഗ്ഷൻ, പാലാരിവട്ടം, എറണാകുളം - 682025
റീജിയണൽ ഓഫീസ്: എറണാകുളം **കോർപ്പറേറ്റ് ഓഫീസ്: തൃശ്ശൂർ**

സ്ഥാവരവസ്തുക്കളുടെ വില്പന സംബന്ധിച്ച വില്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8 (6) ലെ നിബന്ധനകൾ പ്രകാരം സ്ഥാവര വസ്തു ഇ-ഓക്ഷൻ മുഖേനയുള്ള വില്പന സംബന്ധിച്ചു നല്കപ്പെടുന്ന വില്പന പരസ്യം വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകിച്ചും സാമാന്യ ജനങ്ങൾക്ക് പൊതുവായും നൽകുന്ന അറിയിപ്പ് എന്തെന്നാൽ ധനലക്ഷ്മി ബാങ്കിലേക്ക് ലഭിക്കാൻ 30.11.2024ന് കുടിശ്ശിക ഉള്ളതും ഋണദായകനായ ധനലക്ഷ്മി ബാങ്കിന്റെ എറണാകുളം പാലാരിവട്ടം ശാഖയിലേയ്ക്ക് എക്സിംപൈപ്സ് പ്രൈവറ്റ് ലിമിറ്റഡിൽനിന്നും ലഭിക്കേണ്ടതുമായ തുക **20,54,42,926.43 രൂപ (ഇരുപത് കോടി അമ്പത്തിനാല് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്താറ് രൂപ നാൽപ്പത്തിമൂന്ന് പൈസ)** ഈടാക്കുന്നതിലേയ്ക്കായി ഋണദായകന് പണയപ്പെടുത്തിയിട്ടുള്ളതും ധനലക്ഷ്മി ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശ അവകാശം എടുത്തിട്ടുള്ളതുമായ താഴെ വിവരിക്കുന്ന പണയപ്പെടുത്തിയിട്ടുള്ളതായ സ്ഥാവര വസ്തു വഹകൾ **14.02.2025 വെള്ളിയാഴ്ച** "എവിടെയാണോ", "ഏതാണോ", "എങ്ങിനെയാണോ" ആ അവസ്ഥയിൽ വില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഇനം നമ്പർ 1: കരുതൽ വില: രൂപ 5,14,00,000.00 (അഞ്ച് കോടി പതിനാല് ലക്ഷം രൂപ മാത്രം) & നിരതദ്രവ്യം: രൂപ 51,40,000.00 (അമ്പത്തൊന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ)
ഇനം നമ്പർ 2: കരുതൽ വില: രൂപ 3,51,00,000.00 (മൂന്ന് കോടി അമ്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) & നിരതദ്രവ്യം: രൂപ 35,10,000.00 (മുപ്പത്തിയഞ്ച് ലക്ഷത്തി പതിനായിരം രൂപ)

സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ 1: പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ എലപ്പുള്ളി വില്ലേജിൽ റീസർവ്വേ നമ്പർ 213/1,3,4 & 5, റീ സർവ്വേ ബ്ലോക്ക് നമ്പർ 40, പഴയ സർവ്വേ നമ്പർ 354B5 ൽപ്പെടുന്നതും പാലക്കാട് സബ് രജിസ്ട്രാർ ഓഫിസിലെ ഇഷ്ടദാന ആധാര നമ്പർ 5150/2007 പ്രകാരം ശ്രീമതി അനുപമ അജിത്തിന്റെ പേരിലുള്ളതുമായ 77.50 ആർസ് സ്ഥലവും അതിലിരിപ്പ് ഫാക്ടറി കെട്ടിടവും ഇതര ചമയങ്ങളും. **പാലക്കാട് സബ് രജിസ്ട്രാർ ഓഫിസിലെ ഇഷ്ടദാന ആധാര നമ്പർ 5150/2007 പ്രകാരമുള്ള അതിരുകൾ**: **വടക്ക്**: പഞ്ചായത്ത് റോഡ്, **തെക്ക്**: ചെന്താമരയുടെ വസ്തുവഹകൾ, **കിഴക്ക്**: മട്ടപാത, **പടിഞ്ഞാറ്**: മട്ട് പാത

ക്രമ നമ്പർ 2: എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ആലുവ വെസ്റ്റ് വില്ലേജിൽ റീസർവ്വേ നമ്പർ 2, ടൗൺ ബ്ലോക്ക് നമ്പർ 76, പഴയ സർവ്വേ നമ്പർ 271/10A യിൽപ്പെട്ട ആലുവ സബ് രജിസ്ട്രാർ ഓഫിസിലെ തീറാധാര നമ്പർ 3706/2007 പ്രകാരം റൂഫ്കോ ബിൽഡേഴ്സ് & ഡെവലപ്പേഴ്സിന്റെ (മാനേജിങ്ങ് പാർട്ട്ണർ ശ്രീ. അജിത് ഭാസ്കരൻ) പേരിലുള്ളതായ 17.55 ആർസ് സ്ഥലവും ഇതര ചമയങ്ങളും. **ആലുവ സബ് രജിസ്ട്രാർ ഓഫിസിലെ തീറാധാര നമ്പർ 3706/2007 പ്രകാരമുള്ള അതിരുകൾ**: **വടക്ക്**: പുഴ, **കിഴക്ക്**: റോഡ്, **തെക്ക്**: ഉമാദേവി, സതീദേവി എന്നിവരുടെ വസ്തുവഹകൾ, **പടിഞ്ഞാറ്**: പുഴ

അറിയപ്പെടുന്ന ബാധ്യതകളുണ്ടെങ്കിൽ അവയുടെ വിവരണം: കോട്ടയം കൊമേർഷ്യൽ കോടതിയിൽ CS 5/2024ൽ IA No. 1/2024 പ്രകാരമുള്ള ജപ്തി

ലേല വ്യവസ്ഥകളേയും നിബന്ധനകളേയും പറ്റി കൂടുതൽ അറിയുന്നതിനായി ധനലക്ഷ്മി ബാങ്ക് (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റായ **www.dhanbank.com** ൽ നൽകിയിരിക്കുന്ന ലിങ്ക് സന്ദർശിക്കുക

സ്ഥലം : എറണാകുളം
തീയതി: 01.01.2025
അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ്

E2501-551069

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

CHANGE OF NAME

I, **PREMA M.I.**, residing at Moolamkudy, Palissery, Karukutty, Paduvapuram Aluva Ernakulam Kerala - 683576, do hereby change my name to **PREMA**

E2501-551049

ദീപിക ക്ലാസിഫൈഡ്സ്

ബിസിനസ്

E2411-546073

ഹോം നഴ്സിംഗ്

Right Health
Home Care
ഹോം നേഴ്സ്, രോഗീ പരിചരണം, പ്രസവ ശുശ്രൂഷ, ആശുപത്രി കൂട്ടിരുപ്പ്, വീട്ടുജോലി
കേരളത്തിലെവിടെയും ജോലിക്കാരെ നൽകുന്നു
9895130559
9744522925

E2412-549687

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211
9746518466

K2409-540549

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356
9388810095
Ph: 04862-255326

K2411-547476

സെപ്റ്റിക് ടാങ്ക്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ്
ജില്ലയിൽ എവിടെയും
പകലും വൃത്തിയാക്കുന്നു
9656207148

T2410-544104

കർഷകൻ

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda
Edappally
9447114567

K2412-550422

അനുഗ്രഹസ്മരണ

അനുഗ്രഹസ്മരണ



വി.യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതു കാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.

ഒരു വിശ്വാസി

E2501-551029